

C5M8U1

# അധ്യായം 9

# സമാധാനം (Peace)

## അവലോകനം


യുദ്ധങ്ങൾ, ഭീകരാക്രമണങ്ങൾ, ലഹളകൾ എന്നിവയെക്കുറിച്ചുള്ള ഞെട്ടിക്കുന്ന മാധ്യമറിപ്പോർട്ടുകൾ സ്ഥിരമായി നമ്മെ ഓർമിപ്പിക്കുന്നത് ഒരു കലുഷിതമായ കാലത്താണ് നാം ജീവിക്കുന്നത് എന്നതാണ്. തീർച്ചയായും യഥാർത്ഥ സമാധാനം ദൃശ്യമാകാത്തത് കൊണ്ടാണ് സമാധാനം എന്ന വാക്ക് ജനകീയമായിക്കൊണ്ടിരിക്കുന്നത് എന്നു തോന്നുന്നു. സമാധാനം എന്ന വാക്ക് രാഷ്ട്രീയക്കാർ, പത്രപ്രവർത്തകർ, വ്യവസായികൾ, അഭ്യസ്ഥവിദ്യർ, സൈനിക തലവന്മാർ, എന്നിവരുടെ ചുണ്ടുകളിൽ നിന്നും ഉതിർന്നു വീഴുന്നു. പാഠപുസ്തകങ്ങൾ, ഭരണഘടനകൾ, അവകാശപ്രമാണങ്ങൾ, ഉടമ്പടികൾ തുടങ്ങിയവയിൽ വളരെയധികം പ്രകീർത്തിക്കപ്പെടുന്ന മൂല്യമായി സമാധാനം കാണപ്പെടുന്നുണ്ട്. സമാധാനം എന്ന ആശയം വളരെ എളുപ്പത്തിൽ പിന്തുണ ആർജിക്കുന്നു. അതുപോലെതന്നെ സമാധാനം പിന്തുടരേണ്ടതിന്റെ ആവശ്യകതയെ ആരും ചോദ്യം ചെയ്യാറില്ല. ഇക്കാരണങ്ങളാൽ സമാധാനം എന്ന ആശയത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതില്ലെന്ന് നമുക്ക് തോന്നിയേക്കാം. എന്നാൽ യാഥാർത്ഥ്യം അതല്ല. ഇനി നമ്മൾ മനസ്സിലാക്കാൻ പോകുന്നതുപോലെ സമാധാനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഈ അഭിപ്രായ ഐക്യം അടുത്തകാലത്ത് ഉണ്ടായതാണ്. കാലങ്ങളായിസമാധാനത്തിന്റെ അർത്ഥവും മുല്യവും ന്യായമായും വ്യത്യസ്തരൂപത്തിലാണ് വിലയിരുത്തിയിരുന്നത് സമാധാനത്തിനുവേണ്ടി വാദിക്കുന്നവർ നിരവധി ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നു.

- എന്താണ് യഥാർത്ഥത്തിൽ സമാധാനം?
- എന്തു കൊണ്ടാണ് ഇന്നത്തെ ലോകത്ത് സമാധാനത്തെ എളുപ്പത്തിൽ തകർക്കാൻ കഴിയുന്നത്‘?
- സമാധാനം സ്ഥാപിക്കാൻ എന്തു ചെയ്യാൻ കഴിയും?
- സമാധാനം സ്ഥാപിക്കാൻ ഹിംസയെ ഉപയോഗിക്കാൻ കഴിയുമോ?
- നമ്മുടെ സമൂഹത്തിൽ ഹിംസ വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

ഈ അദ്ധ്യായത്തിൽ വളരെ വിശദമായി പരിശോധിക്കുന്ന ചോദ്യങ്ങളാണിവ.

## 9.1 ആമുഖം (INTRODUCTION)

ജനാധിപത്യം, നീതി, മനുഷ്യാവകാശം എന്നീ പദങ്ങൾ പോലെതന്നെ സമാധാനം എന്ന പദത്തിന് വ്യത്യസ്ത അർത്ഥങ്ങളാണുള്ളത്. പക്ഷെ സമാധാനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള പൊതുവായ സമവായം താരതമ്യേന അടുത്തകാലത്ത് ഉണ്ടായതാണെന്ന് നാം ഓർക്കേണ്ടതുണ്ട്. കഴിഞ്ഞ കാലത്തെ നിരവധി പ്രധാനപ്പെട്ട ചിന്തകർ സമാധാനത്തെ കുറിച്ച് നിഷേധാത്മകമായാണ് എഴുതിയിട്ടുള്ളത്.


ഫ്രെഡറിക് നിഷെ

19-ാം നൂറ്റാണ്ടിലെ ജർമൻ തത്ത്വചിന്തകനായിരുന്ന ഫ്രെഡറിക് നിഷെ യുദ്ധത്തെ മഹത്വവൽക്കരിച്ചവരിൽ ഒരാളായിരുന്നു. നാഗരികത വളർച്ച പ്രാപിക്കുന്നത് സംഘട്ടനങ്ങളിലൂടെയാണെന്ന് നിഷെ വിശ്വസിച്ചു. അതുകൊണ്ട് അദ്ദേഹം സമാധാനത്തിന് മൂല്യം കൽപിച്ചിരുന്നില്ല. മറ്റു പല ചിന്തകരും ഇതുപോലെ തന്നെ സമാധാനത്തെ വിമർശിക്കുകയും കലാപത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വ്യക്തിധീരതയുടെയും സാമൂഹിക സജീവതയുടെയും വാഹകരായിട്ടാണ് ഇവയെ അവർ കണ്ടത്. ഇറ്റാലിയൻ സാമൂഹിക ചിന്തകനായ വിൽഫ്രെഡോ പരേറ്റോ (1848-1923) ലക്ഷ്യപ്രാപ്തിക്കായി ബലപ്രയോഗം നടത്താൻ കഴിവും മടിയുമില്ലാത്തവരാണ് മിക്ക സമൂഹങ്ങളിലും ഭരണാധികാരികളായിത്തീരുന്നതെന്ന് വാദിച്ചു. സിംഹങ്ങൾ (Lions) എന്നാണ് അദ്ദേഹം അവരെ വിശേഷിപ്പിച്ചത്.

എന്നാൽ സമാധാനത്തിനുവേണ്ടി നിലകൊണ്ടവരാരും അക്കാലത്ത് ഉണ്ടായിരുന്നില്ല എന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. വാസ്തവത്തിൽ മിക്ക മതങ്ങളുടെയും മൗലിക തത്വങ്ങളിൽ സമാധാനത്തിന് കേന്ദ്രസ്ഥാനം നൽകിയിട്ടുണ്ട്. ആധുനിക യുഗത്തിൽ ആത്മീയതയിലും മതേതര രംഗത്തും സമാധാനത്തിന് വേണ്ടി ശക്തമായി വാദിക്കുന്ന വ്യക്തികൾ ഉണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധി അത്തരം വ്യക്തികളിൽ പ്രധാനിയായിരുന്നു. എന്നാൽ

20-ാം നൂറ്റാണ്ടിലെ കൊടും ക്രൂരതകളാണ് സമകാലിക ലോകത്തിലെ സമാധാന പ്രവർത്തനങ്ങൾക്ക് വഴിവെച്ചത്. ദശലക്ഷക്കണക്കിന് ആളുകൾ അതിൽ കൊല്ലപ്പെട്ടു. ഇതിൽ ചില സംഭങ്ങളെക്കുറിച്ച് നിങ്ങളുടെ ചരിത്ര പാഠപുസ്തകത്തിൽ പഠിച്ചിട്ടുണ്ടാവും. ഫാസിസത്തിന്റെയും നാസിസത്തിന്റെയും ഉയർച്ച, ലോകമഹായുദ്ധങ്ങൾ, നമ്മുടെ രാജ്യത്തെ ജനങ്ങൾ വിഭജനത്തിന്റെ ഭാഗമായി അനുഭവിച്ച ദുരിതങ്ങൾ എല്ലാം ഇതിൽപെടും.

**നമുക്കിത് ചെയ്യാം**

എഡിറ്റമോറിസ് എഴുതിയ ദ ഫ്ളവേഴ്സ് ഓഫ് ഹിരോഷിമ (The Flowers of Hiroshima) എന്ന നോവൽ വായിക്കുക. ആണവായുധങ്ങളുടെ ഉപയോഗം ദീർഘകാലത്തേക്ക് ജനങ്ങൾക്ക് ഭീഷണിയാകുന്നത് എങ്ങനെയെന്ന് രേഖപ്പെടുത്തുക.

നേരത്തേ സൂചിപ്പിച്ച നിരവധി ദുരന്തങ്ങളിൽ ശാസ്ത്ര സാങ്കേതിക വിദ്യയിലുണ്ടായ മുന്നേറ്റം മനുഷ്യവർഗത്തെ നശിപ്പിക്കുവാൻ മുൻപില്ലാത്ത വിധത്തിൽ ഉപയോഗിച്ചിരുന്നു. അപ്രകാരം രണ്ടാംലോക മഹായുദ്ധകാലത്ത് ജർമനി ലണ്ടൻ നഗരത്തെ കാർപ്പറ്റ് ബോംബിങ്ങിലൂടെ (Carpet Bombing) നശിപ്പിക്കുകയും തിരിച്ച് ജൻമൻ നഗരങ്ങളെ ആക്രമിക്കുന്നതിനായി ബ്രിട്ടീഷ് സേന 1000 ബോംബർ ആക്രമണങ്ങൾ നടത്തുകയുമുണ്ടായി. അമേരിക്ക ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബിട്ടതോടെ ഈ യുദ്ധം അവസാനിച്ചു. ഇതിന്റെ ഫലമായി ഏതാണ്ട് 120000 ത്തോളം ആളുകൾ കൊല്ലപ്പെടുകയും നിരവധി ആളുകൾ ന്യൂക്ലിയർ റേഡിയേഷൻ മൂലം പിന്നീട് മരിക്കുകയും ചെയ്തു. മരിച്ചവരിൽ 95% ആളുകളും സാധാരണക്കാരായിരുന്നു.

രണ്ടാംലോകമഹായുദ്ധത്തിനു ശേഷമുള്ള ദശകങ്ങൾ ലോകത്തിലെ രണ്ട് പ്രബല ശക്തികൾക്കിടയിലുള്ള തീവ്രമായ ശത്രുതയുടെ കാലഘട്ടമായിരുന്നു. ലോക മേധാവിത്വത്തിന് വേണ്ടി മുതലാളിത്ത രാഷ്ട്രമായ യു.എസ്.എ യും കമ്മ്യൂണിസ്റ്റ് രാഷ്ട്രമായ സോവിയറ്റ് യൂണിയനും തമ്മിലായിരുന്നു മത്സരം. അണുവായുധങ്ങൾ അധികാരത്തിന്റെ പുതിയ ചിഹ്നം ആയതു മുതൽ രണ്ട് രാജ്യങ്ങളും വൻ തോതിൽ അവ നിർമിക്കുവാനും സംഭരിക്കുവാനും തുടങ്ങി. 1962 ഒക്ടോബറിലെ ക്യൂബൻ മിസൈൽ പ്രതിസന്ധി ഈ സൈനിക മത്സരത്തെ വെളിവാക്കുന്ന ഒരു ഇരുണ്ട അദ്ധ്യായമായിരുന്നു. അമേരിക്കൻ ചാരവിമാനങ്ങൾ അവരുടെ അയൽരാജ്യമായ ക്യൂബയിൽ



അദ്ദേഹം ഒരു പിന്നോക്ക രാഷ്ട്രത്തിൽ നിന്നുള്ളവനായിരിക്കണം. തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, അഭയസ്ഥലം എന്നിവയെക്കുറിച്ചാണ് സംസാരിച്ചത്. അണുബോംബിനെ കുറിച്ച് ഒരു വാക്ക്പോലും സംസാരിച്ചില്ല.

സോവിയറ്റ് യൂണിയന്റെ മിസൈൽ താവളങ്ങൾ കണ്ടുപിടിച്ചതോടെയാണ് പ്രതിസന്ധി ആരംഭിച്ചത്. അമേരിക്ക ക്യൂബക്കെതിരെ ഒരു നാവിക ഉപരോധം ഏർപ്പെടുത്തുകയും ക്യൂബയിൽ നിന്നു മിസൈലുകൾ പിൻവലിച്ചില്ലെങ്കിൽ ശക്തമായ സൈനിക നടപടിയെടുക്കുമെന്ന് സോവിയറ്റ് യൂണിയനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ലോകമൊരു ആണവയുദ്ധത്തെ മുഖാമുഖം കണ്ടു. സോവിയറ്റ് യൂണിയൻ ക്യൂബയിൽ നിന്നും മിസൈലുകൾ പിൻവലിക്കാൻ തയ്യാറായതോടെ ഒടുവിൽ ഈ പ്രതിസന്ധി രണ്ട് ആഴ്ചകൊണ്ട് അവസാനിച്ചു. ഈ പ്രതിസന്ധി മനുഷ്യവർഗത്തെ സർവനാശത്തിന്റെ വക്കോളമെത്തിച്ചു..

ഇന്ന് സമാധാനമെന്ന ആശയത്തെ ജനങ്ങൾ വാഴ്ത്തുന്നുവെങ്കിൽ അത് ഒരു ആശയമാണെന്ന് അവർ വിശ്വസിക്കുന്നതു കൊണ്ട് മാത്രമല്ല അതിന്റെ അഭാവത്തിൽ മനുഷ്യൻ വലിയ വില നൽകേണ്ടിവന്നു എന്നതുകൊണ്ടും കൂടിയാണ്. ദുരന്തപൂർണമായ ഏറ്റുമുട്ടലുകളുടെ പ്രേതങ്ങൾ ഇന്നും നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. കാരണം ലോകത്തിലെവിടെയുമുള്ള ജനങ്ങൾ വർദ്ധിതമായ തോതിൽ ഭീകരവാദ ഭീഷണിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. സമാധാനത്തിനു നേരെ എപ്പോഴും അപകടങ്ങൾ പതിയിരിക്കുന്നതിനാൽ സമാധാനം മൂല്യമുള്ളതായി തുടരുന്നു.

### 9.2 സമാധാനത്തിന്റെ അർത്ഥം (The Meaning of Peace)

യുദ്ധത്തിന്റെ അഭാവം എന്നാണ് സാധാരണയായി സമാധാനത്തെ നിർവചിക്കാറുള്ളത്. ഈ നിർവചനം ലളിതമാണെങ്കിലും തെറ്റിദ്ധാരണാജനകമാണ്. ഇതിനു കാരണം രാജ്യങ്ങൾ തമ്മിലുള്ള സായുധ പോരാട്ടങ്ങളെയാണ് യുദ്ധം എന്ന് വിളിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ഒരു യുദ്ധമായിരുന്നില്ല റുവാണ്ടയിലും ബോസ്നിയായിലും സംഭവിച്ചത്. അത് അക്രമമോ അല്ലെങ്കിൽ സമാധാനത്തിന്റെ നിഷേധമോ ആയിരുന്നു. എന്നിരുന്നാലും എല്ലായുദ്ധങ്ങളും സമാധാനത്തിന്റെ അഭാവത്തിലേക്ക് നയിക്കുമെങ്കിലും സമാധാനത്തിന്റെ അഭാവം എല്ലായ്പ്പോഴും യുദ്ധത്തിലേക്ക് നയിക്കപ്പെടണമെന്നില്ല.

രണ്ടാമത്തെ ഘട്ടത്തിലാകട്ടെ സമാധാനമെന്നത് യുദ്ധം, കലാപം, കൂട്ടക്കൊലകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ശാരീരികമായ അക്രമണങ്ങൾ തുടങ്ങി എല്ലാവിധ ഹിംസാത്മക സംഘട്ടനങ്ങളുടെയും അഭാവമാണെന്ന് നിർവ്വചിക്കാം. ഇത് സമാധാനത്തെക്കുറിച്ചുള്ള ആദ്യ നിർവചനത്തേക്കാൾ ഭേദപ്പെട്ടതാകുന്നു. എന്നിട്ടും ഇത് നമ്മെ പൂർണതയിലേക്ക് എത്തിക്കുന്നില്ല. അക്രമം പലപ്പോഴും സാമൂഹികഘടനയിലാണു വേരുകളുറപ്പിച്ചിട്ടുള്ളത്. ജാതി, വർഗം, ലിംഗം മുതലായ സാമൂഹിക അസമത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹിക സ്ഥാപനങ്ങളും, സമ്പ്രദായങ്ങളും സൂക്ഷ്മവും അദൃശ്യവുമായ മുറിവുകൾക്ക് കാരണമാകുന്നു. ഈ ശ്രേണീക്രമത്തിനെതിരെ അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ ഏതൊരു വെല്ലുവിളിയും



### നമുക്ക് ചിന്തിക്കാം

താഴെപറയുന്ന ഏതെല്ലാം കാഴ്ചപ്പാടുകളോടാണ് നിങ്ങൾ യോജിക്കുന്നത്. എന്തുകൊണ്ട്?

- എല്ലാ ദുഷ്ട പ്രവൃത്തികളുടേയും ഉറവിടം മനസ്സാണ്. മനസ്സിൽ മാറ്റങ്ങൾ ഉണ്ടായാൽ തിന്മക്ക് നിലനിൽക്കാൻ കഴിയുമോ?

  – ഗൗതമ ബുദ്ധൻ

- ഞാൻ ഹിംസയെ എതിർക്കുന്നത് അത് സൃഷ്ടിക്കുന്ന നന്മ താത്കാലികവും തിന്മ സ്ഥായിയായി നിലനിൽക്കുന്നതും കൊണ്ടാണ്.

  – മഹാത്മാഗാന്ധി

"നിന്റെ കണ്ണുകൾ എല്ലായ്പ്പോഴും ഒരു ശത്രുവിനെ തേടിക്കൊണ്ടിരിക്കട്ടെ. പുതിയ യുദ്ധങ്ങൾക്കുള്ള മാർഗ്ഗമെന്ന രീതിയിൽ വേണം നീ സമാധാനത്തെ കാണാൻ. അതുകൊണ്ടു ക്ഷണികമായ സമാധാനം മാത്രമാണ് ദൈർഘ്യമേറിയത്. അധ്വാനിക്കുവാനല്ല വിജയിക്കുവാനാണ് നിനക്കുള്ള എന്റെ ഉപദേശം നിന്റെ അധ്വാനം ഒരു പോരാട്ടമാകട്ടെ, സമാധാനം വിജയത്തിലേക്കു നയിക്കട്ടെ."

– ഫ്രഡറിക് നിഷെ

സംഘട്ടനങ്ങൾക്കും ആക്രമണങ്ങൾക്കും വഴിവെച്ചേക്കാം. അത്തരത്തിലുള്ള ഹിംസയുടെ വ്യക്തമായ ചില ഉദാഹരണങ്ങളിലേക്ക് നമുക്ക് കണ്ണോടിക്കാം. ഇവ ജാതിശ്രേണി (Caste hierarchy), വർഗവ്യത്യാസം (Class disparity), പുരുഷാധിപത്യം (Patriarchy), കോളനിവൽക്കരണം, വംശീയത, വർഗീയത എന്നിവയിൽനിന്നും ഉയർന്നു വരുന്നതാണ്.

## ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ
## (Forms of Structural Violence)

പരമ്പരാഗതര ജാതിവ്യവസ്ഥ ചില വിഭാഗങ്ങളെ അസ്പൃശ്യർ അഥവാ തൊട്ടുകൂടാത്തവരായാണ് കണക്കാക്കിയിരുന്നത്. സ്വതന്ത്ര ഇന്ത്യയിലെ ഭരണഘടന അയിത്തം നിരോധിക്കുന്നതുവരെ ഏറ്റവും മോശമായ സാമൂഹിക തിരസ്കാരത്തിനും നിഷേധത്തിനും വിധേയരായിരുന്നു അവർ. ഇന്നും നമ്മുടെ രാജ്യം ആ വൃത്തികെട്ട അചാരത്തിന്റെ പാടുകൾ മായ്ച്ചുകളയാൻ പോരാടിക്കൊണ്ടിരിക്കുന്നു. എന്നാൽ വർഗത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമൂഹികക്രമം കൂടുതൽ അയവുള്ളതായി തോന്നാമെങ്കിലും അതു വലിയ തോതിലുള്ള അസമത്വവും അടിച്ചമർത്തലും സൃഷ്ടിക്കുന്നു. വികസ്വര രാജ്യങ്ങളിലെ തൊഴിലാളികളിൽ ഭൂരിഭാഗവും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരായതിനാൽ അവരുടെ കൂലിയും തൊഴിൽ സാഹചര്യങ്ങളും വളരെ പരിതാപകരമാണ്. വികസിത രാജ്യങ്ങ

ളിൽ പോലും തൊഴിലാളികളിൽ ഗണ്യമായ ഒരു വിഭാഗം ഈ ഗണത്തിൽപ്പെട്ടവരാണ്.

പുരുഷാധിപത്യമെന്ന സാമൂഹിക സംവിധാനം വ്യവസ്ഥാപിതമായി സ്ത്രീകളെ പുരുഷന്മാരുടെ ആജ്ഞാനുവർത്തികളാക്കുന്നതിലേയ്ക്കും അവർക്കെതിരെയുള്ള വിവേചനത്തിലേക്കും നയിക്കുന്നു. പെൺഭ്രൂണഹത്യ, പെൺകുട്ടികൾക്ക് ആവശ്യമായ പോഷകാഹാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നിഷേധം, ശൈശവ വിവാഹം, ഭർതൃപീഢനം, സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, ജോലി സ്ഥലങ്ങളിൽ വെച്ചുള്ള ലൈംഗികാതിക്രമം, ബലാൽസംഗം, ദുരഭിമാനക്കൊല എന്നിവയെല്ലാം ഇതിന്റെ പ്രത്യക്ഷരൂപങ്ങളാണ്. ഇന്ത്യയിലെ കുറഞ്ഞ ലിംഗാനുപാതം (1000 പുരുഷൻമാർക്ക് 933 സത്രീകൾ) പുരുഷാധിപത്യത്തിന്റെ ക്രൂരത വെളിപ്പെടുത്തുന്ന ദയനീയമായ സൂചകമാണ്.

വിദേശികൾ അന്യദേശങ്ങളിലെ ജനതയെ ദീർഘകാലമായി പ്രത്യക്ഷത്തിൽ കീഴടക്കി വാഴുന്നതിനെ കോളനിവൽക്കരണം എന്ന് പറയുന്നു. ഇന്നത് അപൂർവമായ പ്രതിഭാസമാണെങ്കിലും ഇസ്രായേലിന്റെ മേധാവിത്വത്തിനെതിരെ പാലസ്തിനിയൻ ജനത നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടം കൊളോണിയലിസം പൂർണമായും അപ്രത്യക്ഷമായിട്ടില്ലെന്ന് കാണിക്കുന്നു. കൂടാതെ യൂറോപ്യൻ സാമ്രാജ്യത്വരാജ്യങ്ങളുടെ മുൻകാല കോളനികൾ കോളനി വാഴ്ചകാലത്ത് അവർ അനുഭവിച്ച വിവിധതരത്തിലുള്ള ചൂഷണങ്ങളിൽ നിന്ന് പൂർണമായി മോചിതരാവേണ്ടതുണ്ട്.

വംശീയതയും വർഗീയതയും ഒരു വംശീയ വിഭാഗത്തെയോ അല്ലെങ്കിൽ സമുദായത്തേയോ പൂർണമായും അപമാനിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നതാണ്. മനുഷ്യരെ വ്യത്യസ്ത വംശങ്ങളായി തരംതിരിക്കാൻ കഴിയുമെന്ന ആശയം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. നീഗ്രോകളുടെ അടിമത്വത്തെ സാധൂകരിക്കുന്നതിനുവേണ്ടി 1865 വരെ അമേരിക്ക വംശീയതയെ ഉപയോഗപ്പെടുത്തിയിരുന്നു. ജർമനിയിൽ യഹൂദരെ കശാപ്പുചെയ്യുന്നതിനും ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനും (apartheid) 1992 വരെ ദക്ഷിണാഫ്രിക്കയിലെ വെളുത്ത വർഗക്കാരുടെ നിയന്ത്രണത്തിലുള്ള സർക്കാർ അവിടുത്തെ ഭൂരിപക്ഷം വരുന്ന കറുത്തവർഗക്കാരായ ജനങ്ങളെ രണ്ടാംതരം പൗരന്മാരായാണ് കണക്കാക്കിയിരുന്നത്. വംശീയത ഇപ്പോഴും പാശ്ചാത്യലോകത്ത് ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നുണ്ട്. ഏഷ്യ,



ഭീകരവാദം സൃഷ്ടിക്കുന്നതിനാവശ്യമായ ചേരുവകൾ

ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാർക്കെതിരെയാണ് പലപ്പോഴും അത് പ്രകടിപ്പിക്കുന്നത്. വർഗീയതയെ വംശീയതയുടെ ഒരു ദക്ഷിണേഷ്യൻ പകർപ്പായി കണക്കാക്കാം. അവിടെ ന്യൂനപക്ഷമത വിഭാഗങ്ങളാണ് അക്രമങ്ങൾക്ക് ഇരയാകുന്നത്.

അക്രമത്തിന് ഇരയായവർ അനുഭവിച്ചിട്ടുള്ള മാനസികവും ശാരീരികവുമായ പീഢനങ്ങൾ തലമുറകളോളം നീണ്ടുനിന്ന യാതനകൾക്ക് കാരണമായിട്ടുണ്ട്. ചിലപ്പോൾ ഏതെങ്കിലും സംഭവമോ അല്ലെങ്കിൽ അഭിപ്രായമോ ജനങ്ങളെ പ്രകോപിക്കുകയും അത് പുതിയ സംഘർഷങ്ങൾക്ക് കാരണമായെന്നും വരാം. ഏറെക്കാലം പരസ്പരം വിദ്വേഷം മനസിൽ സൂക്ഷിച്ച് നടന്നിരുന്ന സമുദായങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളുടെ ഉദാഹരണങ്ങൾ ദക്ഷിണേഷ്യയിൽ നമുക്കുണ്ട്. 1947 ൽ ബ്രിട്ടീഷ് ഇന്ത്യയുടെ വിഭജന ഫലമായിട്ടുണ്ടായ അനിയന്ത്രിതമായ അക്രമണങ്ങളുടെ ഫലങ്ങൾ ഇന്നും മനുഷ്യമനസ്സിൽ നിലനിൽക്കുന്നു.

സംഘർഷങ്ങൾക്ക് കാരണമായേക്കാവുന്ന തർക്കങ്ങളും ആവലാതികളും ചർച്ചകളിലൂടെ വ്യക്തമാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമെ നീതിയുക്തവും സ്ഥായിയുമായ സമാധാനം കൈവരിക്കാനാവൂ. ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടന്ന് വരുന്ന ശ്രമങ്ങളിൽ രണ്ട് രാജ്യങ്ങളിലേയും എല്ലാ തുറകളിലുമുള്ള ജനങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതും ഉൾപ്പെടുന്നു.

## ഹിംസയുടെ ഉന്മൂലനം
## (Eliminating Violence)

**നമുക്കിത് ചെയ്യാം**

സമാധാനത്തിനുള്ള നോബൽ സമ്മാന ജേതാക്കളുടെ ഒരു ചെറിയ പട്ടിക തയാറാക്കി അതിൽ ഒരാളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

യുനെസ്കോ (UNESCO) യുടെ കാഴ്ചപ്പാടിൽ: "മനുഷ്യമനസുകളിൽ നിന്നാണ് യുദ്ധം ഉത്ഭവിക്കുന്നത്, അതുകൊണ്ട് സമാധാനത്തിനായുള്ള പ്രതിരോധങ്ങൾ ഉയരേണ്ടത് മനുഷ്യമനസിൽ തന്നെയാണ്." പൗരാണികമായ പല ആത്മീയ മൂല്യങ്ങളും ഉദാ: ദീനാനുകമ്പ (Compassion), ആചരണങ്ങളും ഉദാ: ധ്യാനം (Meditation) അത്തരം ഉദ്യമങ്ങളെ പരിപോഷിപ്പിക്കുന്നു. ആധുനിക രോഗ ചികിത്സാരീതികളായ മനോവിശ്ലേഷണം (Psycho-analysis) പോലെയുള്ളവയ്ക്കും ഈ മേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കുവാനാകും.

എന്നിരുന്നാലും നാം മനസിലാക്കിയിട്ടുള്ളത് ഹിംസ ഉത്ഭവിച്ചിരിക്കുന്നത് വ്യക്തികളുടെ മനസ്സിൽ മാത്രമല്ലെന്നും ചില സാമൂഹിക ഘടനകളിലും അത് വേരുറപ്പിച്ചിരിക്കുന്നു എന്നുമാണ്. ഘടനാപരമായ ഹിംസയെ

ഉന്മൂലനം ചെയ്യുന്നതിന് നീതിയുക്തവും ജനാധിപത്യപരവുമായ ഒരു സമൂഹം അനിവാര്യമാണ്. സംതൃപ്തരായ ജനങ്ങളുടെ സൗഹാർദത്തോടെയുള്ള സഹവർത്തിത്വമാണ് സമാധാനം എന്ന് മനസിലാക്കുകയാണെങ്കിൽ അത് ഒരു സാമൂഹ്യ സൃഷ്ടിയായിക്കാണാൻ കഴിയും. സമാധാനം ഒരിക്കലും എന്നെന്നേയ്ക്കുമായി കൈവരിക്കാനാവില്ല. സമാധാനം ഒരു അന്തിമാവസ്ഥയല്ല. വിശാലമായ അർത്ഥത്തിൽ സമാധാനമെന്നാൽ മനുഷ്യക്ഷേമം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ധാർമികവും ഭൗതികവുമായ വിഭവങ്ങൾ സജീവമായിമായി അന്വേഷിക്കുന്ന പ്രക്രിയയാണ്.

## 9. 3 ഹിംസയ്ക്ക് എപ്പോഴെങ്കിലും സമാധാനത്തെ പരിപോഷിപ്പിക്കാൻ കഴിയുമോ? (CAN VIOLENCE EVER PROMOTE PEACE?)

ഹിംസ ഒരു തിന്മയാണെങ്കിലും സമാധാനം കൊണ്ട് വരുന്നതിന് ചിലപ്പോൾ അത് ആവശ്യമായിവരുമെന്ന് ചിലപ്പോഴൊക്കെ വാദിക്കാറുണ്ട്. ജനവിരുദ്ധരായ ഏകാധിപതികളെയും മർദ്ദകരായ ഭരണാധികാരികളേയും തടഞ്ഞ് നിർത്തുവാൻ കഴിയുന്നത് അവരെ ബലംപ്രയോഗിച്ച്

### നമുക്ക് ചിന്തിക്കാം

കാംബോഡിയായിലെ ഖമർറൂഷ് (Khmer Rouge) ഭരണം വിപ്ലവാത്മക ഹിംസയുടെ ഭയാനകമായ ഭവിഷ്യത്തുകളുടെ ഉദാഹരണമാണ്. കർഷക ജനതയുടെ മോചനത്തിനായി നിലകൊണ്ട പോൾ പോട്ടിന്റെ (Pol Pot) നേതൃത്വത്തിലുള്ള ഭരണകൂടം ഒരു പുതിയ കമ്മ്യൂണിസ്റ്റ് സമൂഹം പടുത്തുയർത്തുന്നതിനു വേണ്ടി ഭീകരമായ ഭരണരീതികൾ ആവിഷ്കരിച്ചു. 1975 – 1979 വരെയുള്ള കാലഘട്ടത്തിൽ ഭീകരവാഴ്ച അഴിച്ച് വിടുകയും ഏകദേശം 17 ലക്ഷത്തോളം (രാജ്യത്തെ ജനസംഖ്യയുടെ 2%) കാംബോഡിയൻ ജനതയുടെ മരണത്തിന് കാരണമാകുകയും ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിലെ അറിയപ്പെട്ട മനുഷ്യ ദുരന്തങ്ങളിൽ ഏറ്റവും വലിയ ഒന്നായിരുന്നു ഇത്.

പ്രകടവും അഭിലഷണീയവുമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഹിംസയുടെ വ്യവസ്ഥാപിത സംവിധാനം ഉപയോഗിക്കുന്നതിലൂടെ മിക്കപ്പോഴും അത്തരത്തിലുള്ള നാടകീയമായ ഭീകര ഫലങ്ങൾ ഉണ്ടാവണമെന്നില്ല. പക്ഷെ ഈ പ്രക്രിയ ഹിംസയെ സ്ഥാപനവൽക്കരിക്കുകയും അതിന്റെ സൃഷ്ടിയായിട്ടുള്ള രാഷ്ട്രീയ സംവിധാനത്തിന്റെ അവിഭാജ്യഘടകമായി ഹിംസ മാറുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു കേസ് ഉദ്ധരിക്കുകയാണെങ്കിൽ അൽജീരിയായിലെ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ ദേശീയ വിമോചന മുന്നണി (National Liberation Front) ഹിംസാത്മക മാർഗങ്ങളിലൂടെ 1962 – ൽ രാജ്യത്തിന് ഫ്രഞ്ച് സാമ്രാജ്യത്വത്തിന്റെ ചങ്ങലയിൽ നിന്ന് സ്വാതന്ത്ര്യം നേടിക്കൊടുത്തു. എന്നാൽ എഫ്.എൽ.എൻ ഭരണം പെട്ടെന്ന് സ്വേച്ഛാധിപത്യത്തിലേയ്ക്ക് വഴിമാറുകയും ഇസ്ലാമിക മത മൗലിക വാദത്തിന്റെ രൂപത്തിലേയ്ക്ക് അധഃപതിക്കുകയും ചെയ്തു.



## നമുക്ക് സംവദിക്കാം

ചില സമയങ്ങളിൽ ഹിംസയെ ശരണം പ്രാപിക്കുക എന്നത് ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എന്തൊക്കെയായാലും ജർമനിയിലെ നാസിഭരണം ബാഹ്യമായ സൈനിക നടപടിയിലൂടെ തൂത്തെറിയപ്പെട്ടതായിരുന്നു.

മാറ്റുന്നതിലൂടെ മാത്രമായിരിക്കുമെന്ന് വാദിക്കാം. അല്ലെങ്കിൽ പീഢിത ജനത നടത്തുന്ന വിമോചന സമരങ്ങളിൽ ചില അക്രമ മാർഗങ്ങൾ ഉപയോഗിക്കുന്നതിനെ ന്യായീകരിക്കാൻ കഴിഞ്ഞേക്കാം. പക്ഷെ ഹിംസയെ അവലംബിക്കുന്നത് സദുദ്ദേശത്തോടെയാണെങ്കിലും വിപരീത ഫലമായിരിക്കും. ഉണ്ടാകുന്നത്. ഒരിക്കൽ ഹിംസ ഉപയോഗിച്ച് കഴിഞ്ഞാൽ അത് നിയന്ത്രണം വിട്ട് പോകുകയും മരണവും വിനാശവും വിതയ്ക്കുകയും ചെയ്യും.

ഈ കാരണം കൊണ്ടുതന്നെയാണ് സമാധാനത്തിന് ഉന്നത മൂല്യം കൽപിക്കുന്ന സമാധാന വാദികൾ നീതിയുക്തമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പോലും ഹിംസയെ ഉപയോഗിക്കുന്നതിനെതിരെ ധാർമികമായ ഒരു നിലപാടെടുക്കുന്നത്. അടിച്ചമർത്തലുകൾക്കെതിരെയുള്ള പോരാട്ടത്തിന്റെ ആവശ്യകതയെ അവരും അംഗീകരിക്കുന്നു. എന്നിരുന്നാലും സ്നേഹത്തെയും സത്യത്തേയും ചലനാത്മതകമാക്കുന്നതിലൂടെ മർദ്ദകരുടെ ഹൃദയത്തേയും മനസ്സിനേയും കവരാമെന്നും അവർ വാദിക്കുന്നു.

തീവ്രവും അഹിംസാത്മകവുമായ ചെറുത്തുനിൽപിനെ ഇത് വില കുറച്ച് കാണിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രധാനസമരമാർഗ്ഗമെന്ന നിലയിൽ സിവിൽ നിയമലംഘനം മർദ്ദകവ്യവസ്ഥയിൽ കനത്ത പ്രഹരം ഏൽപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമര

## അഹിംസയെക്കുറിച്ച് മഹാത്മാഗാന്ധി

'മജ്ബൂരി കാ നാം മഹാത്മാഗാന്ധി' (Majboori ka Naam Mahatma Gandhi) എന്ന പഴഞ്ചൊല്ല് ഒരു പക്ഷെ നിങ്ങൾ കേട്ടിരിക്കുമല്ലോ? നിസ്സഹായതയെ അഹിംസയുമായും, അഹിംസയെ ഗാന്ധിജിയുമായും തുല്ല്യതപ്പെടുത്താനുള്ള ഈ പ്രവണത ചില ആളുകളെ ഇങ്ങനെ പറയുന്നതിലേക്ക് നയിച്ചു ഇതിന്റെ വെളിച്ചത്തിൽ അഹിംസയെക്കുറിച്ചുള്ള ഈ ധാരണ ഗാന്ധിജി തള്ളിക്കളയുകയും അതിനെ സംബന്ധിച്ച് വ്യത്യസ്തമായ ഒരു തത്ത്വശാസ്ത്രം രൂപപ്പെടുത്തുകയും ചെയ്തു. അഹിംസയെക്കുറിച്ച് പൊതുവെയുള്ള നമ്മുടെ ധാരണ ശാരീരികമായി മുറിവേൽപിക്കാതിരിക്കുകയെന്നതാണ്. ഒരു അഹിംസാ പ്രവർത്തകനും കായികമായി മുറിവേൽപ്പിക്കുന്നതിന് കാരണമാകുകയില്ലായെന്ന് കരുതപ്പെടുന്നു. രണ്ട് അടിസ്ഥാനമാർഗങ്ങളിൽ ഗാന്ധിജി ഈ അർത്ഥത്തെ മാറ്റി. ഗാന്ധിജിയുടെ അഭിപ്രായത്തിൽ അഹിംസയെന്നാൽ മറ്റുള്ളവന് ശാരീരികമോ മാനസികമോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉപജീവനമാർഗം നഷ്ടപ്പെടുത്തുന്ന രൂപത്തിലോ ഹാനിഉണ്ടാക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് മാറി നിൽക്കുകയെന്ന് മാത്രമല്ല, മറ്റുള്ളവർക്ക് ഹാനിക്ക് കാരണമായ ചിന്തയെപ്പോലും ഉപേക്ഷിക്കലാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'കാരണമാവുക' എന്നതുകൊണ്ട് സ്വയം ഹാനിയുണ്ടാകുക എന്ന് അർത്ഥമാകുന്നില്ല. മറ്റുള്ളവർക്ക് ഹാനിക്ക് കാരണമായ പ്രവർത്തികൾ ചെയ്യാൻ ആരെയെങ്കിലും സഹായിക്കുകയോ അത്തരം ഹാനികരമായ പ്രവർത്തികളിൽ നിന്ന് പ്രയോജനമുണ്ടാവുകയോ ചെയ്യുന്നത് ഹിംസയാണെന്ന് അദ്ദേഹം വാദിച്ചു. ഈ അർത്ഥത്തിൽ ഗാന്ധിജിയുടെ ഹിംസയെകുറിച്ചുള്ള അഭിപ്രായം ഘടനാപരമായ ഹിംസയുമായി ബന്ധപ്പെട്ടതായിരുന്നു. രണ്ടാമത്തെ പ്രധാനപ്പെട്ട മാറ്റമെന്ന് പറയുന്നത് ഹിംസയ്ക്ക് ക്രിയാത്മകമായ അർത്ഥം നൽകുവാൻ ഗാന്ധിജി നിർദേശിച്ച ആശയമായിരുന്നു. ഹിംസയ്ക്ക് കാരണമാകുന്നില്ല എന്ന് മാത്രമല്ല ശത്രുവിനോട് ബോധപൂർവ്വമായ അനുകമ്പ കാണിക്കുകയെന്നതും അഹിംസയ്ക്ക് ആവശ്യമുള്ള ഒരു ഘടകമാണെന്ന് അദ്ദേഹം വാദിച്ചു. നിഷ്ക്രിയമായ ആത്മീയതയെ ഗാന്ധിജി എതിർത്തു. ക്രിയാത്മകമായും കാര്യക്ഷമമായും ക്ഷേമത്തെയും നന്മയെയും പിൻതുടരുന്നതിനെയാണ് അഹിംസയെന്ന് അദ്ദേഹം സൂചിപ്പിച്ചത്. അപ്രകാരം ഏതൊരു പ്രകോപനപരമായ സാഹചര്യത്തിലും അഹിംസയെ ജീവിതത്തിൽ അനുഷ്ഠിക്കുന്ന ഏതൊരു വ്യക്തിയും മാനസികവും ശാരീരികവുമായ നിയന്ത്രണങ്ങൾ കൊണ്ടുവരണം. അഹിംസയെന്നത് സജീവമായ ഒരു ശക്തിയാണ്. ബലഹീനതക്കോ, ഭീരുത്വത്തിനോ അതിൽ ഒരു ഇടവുമില്ല. ഒരാൾക്ക് സ്വയം പ്രതിരോധിക്കാൻ അഹിംസകൊണ്ട് പര്യാപ്തമല്ലെങ്കിൽ അഹിംസയുടെ പേരിൽ നിഷ്ക്രിയതയിൽ അഭയം പ്രാപിക്കുന്നതിനെക്കാളും ഉത്തമം ഹിംസ ഉപയോഗിക്കുന്നതാണെന്നുപോലും ഒരവസരത്തിൽ ഗാന്ധിജി പറയുകയുണ്ടായി. ചില ഗാന്ധിയന്മാർ തുടക്കത്തിൽ ഉദ്ധരിക്കപ്പെട്ട ചൊല്ല് 'മസ്ബൂദി കാ നാം മഹാത്മാഗാന്ധി' എന്ന് മാറ്റേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

### നമുക്കിത് ചെയ്യാം

ദക്ഷിണാഫ്രിക്കയിലും ചമ്പാരനിലും ദണ്ഡിയാത്രയിലും ഗാന്ധിജി സ്വീകരിച്ച സത്യാഗ്രഹത്തിന്റെ വിവിധ രീതികളെ സംബന്ധിക്കുന്ന വിവര ശേഖരണം നടത്തുക.
സാധ്യമെങ്കിൽ ഗിരിരാജ് കിഷോറിന്റെ പഹല ഗിർമറ്റിയ (Pahala Girmatiya) എന്ന പുസ്തകം വായിക്കുക.
മാർട്ടിൻ ലൂഥർകിങ്ങിന്റെ പൗരവകാശ പ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ കണ്ടെത്തുക. ഗാന്ധിജി എങ്ങനെയാണ് അദ്ദേഹത്തിന് പ്രചോദനമായത്?

കാലത്ത് ഗാന്ധിജി ഉപയോഗിച്ച സത്യാഗ്രഹം ഇതിന്റെ ഉത്തമ ഉദാഹരണമാണ്. നീതിയ്ക്കുമേൽ ഗാന്ധിജി തന്റെ നിലപാടെടുക്കുകയും ബ്രിട്ടീഷ് ഭരണാധികാരികളുടെ മനസാക്ഷിയോട് നീതി നടപ്പിലാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ബ്രിട്ടീഷുകാരെ മാനസാന്തരപ്പെടുത്താനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടെങ്കിലും സിവിൽ നിയമലംഘന പ്രസ്ഥാനത്തിലൂടെ ഗാന്ധി അന്യായമായ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ബ്രിട്ടീഷ് ഭരണാധികാരികളുടെമേൽ ധാർമികവും രാഷ്ട്രീയവുമായ സമ്മർദ്ദം ചെലുത്തി. ഗാന്ധിജിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മാർട്ടിൻ ലൂഥർകിങ് അമേരിക്കയിൽ കറുത്ത വർഗ്ഗക്കാരോട് കാണിച്ച വംശീയ വിവേചനത്തിനെതിരെ 1960 - ൽ സമാനമായ പോരാട്ടങ്ങൾ നടത്തുകയുണ്ടായി.

## 9.4 സമാധാനവും രാഷ്ട്രവും

## (Peace and The State)

ലോകത്തെ വ്യത്യസ്ത പരമാധികാര രാഷ്ട്രങ്ങളായുള്ള വിഭജനം സമാധാനം സ്ഥാപിക്കുന്നതിനുള്ള തടസമാണെന്ന് പലപ്പോഴും വാദിക്കുന്നു. ഓരോ രാഷ്ട്രവും സ്വതന്ത്രവും, പരമാധികാരവുമാണെന്ന നിലയിൽ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് പരിശ്രമിക്കുന്നത്. അതേസമയം സമാധാനം നേടണമെങ്കിൽ നാം എല്ലാവരും വിശാലമായ മാനവികതയുടെ ഭാഗമാണെന്ന കാഴ്ചപ്പാട് ഉണ്ടാവേണ്ടതാണ്. രാഷ്ട്രങ്ങൾ ജനങ്ങൾക്കിടയിൽ വേർതിരിവുകൾ സൃഷ്ടിക്കുന്നു. അവരുടെ പൗരന്മാരുടെ താൽപര്യങ്ങൾ നേടാൻ മറ്റുള്ളവരുടെമേൽ ഹാനി അടിച്ചേൽപ്പിക്കുവാൻ അവർ തയാറാകുന്നു.

അന്തർദേശീയ തലത്തിൽ നിരവധി രാഷ്ട്രങ്ങൾ അതിർത്തികളും വിഭവങ്ങളും പിടിച്ചെടുക്കുന്നത് പോലെയുള്ള തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഹിംസാത്മക മാർഗങ്ങൾ ഉപയോഗിക്കുന്ന പ്രവണതയുടെ അടിസ്ഥാനത്തിൽ രൂക്ഷമായ പ്രതിസന്ധികൾ ഉയർന്ന് വരുന്നു. ഇതിന്റെ എല്ലാം ഫലമെന്നത് പൂർണ തോതിലുള്ള യുദ്ധമായിരിക്കും. അപ്രകാരം 1990-ൽ ഇറാഖ് തന്റെ അയൽ രാജ്യവും, ചെറുതും, എണ്ണ സമൃദ്ധവുമായ കുവൈത്തിനെ ആക്രമിച്ച് കീഴടക്കി. സാമ്രാജ്യത്വകാലത്ത് ഇറാക്കിൽ നിന്നും ഏകപക്ഷീയമായി വേർപെടുത്തപ്പെട്ട ഒരു പ്രവിശ്യയായിരുന്നു കുവൈത്തെന്നും ഇറാഖിന്റെ ഭൂപ്രദേശത്ത് നിന്നും കുവൈത്ത് എണ്ണചോർത്തുന്നു എന്നുമായിരുന്നു ആക്രമണത്തെ ന്യായീകരിച്ചുകൊണ്ട് ഇറാക്ക് ഉയർത്തിയ വാദങ്ങൾ. അമേരിക്കയുടെ നേതൃത്വത്തിലുള്ള സൈനികസഖ്യം ഇറാക്കിന്റെ നിയന്ത്രണത്തിൽ നിന്നും കുവൈത്തിനെ മോചിപ്പിക്കുകയുണ്ടായി.
ഒരു ആഗോള സർക്കാർ ഇല്ലാത്ത ഒരു ലോകക്രമത്തിൽ ഇത്തരം സംഘർഷങ്ങളുടെ സാധ്യതകൾ നിലനിൽക്കുന്നു. യുദ്ധത്തെ ലാഭകരമായ ഒരു സാദ്ധ്യതയായി കാണുന്നതിനാൽ ആയുധക്കച്ചവടം പോലെയുള്ള നിക്ഷിപ്ത താൽപര്യങ്ങൾ സംഘർഷങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ഇതിന് പുറമെ ഇന്നത്തെ ലോകത്ത് ഓരോ രാഷ്ട്രത്തിനും അവരുടേതായ ബലപ്രയോഗത്തിന്റെയും അധികാരത്തിന്റെയും സംയോജിതമായ ഉപകരണങ്ങൾ ഉണ്ട്. അതേസമയം അതിന്റെ സൈന്യത്തേയും അല്ലെങ്കിൽ പോലീസിനേയും പൗരന്മാരെ സംരക്ഷിക്കാൻ വേണ്ടി രാഷ്ട്രങ്ങൾ ഉപയോഗിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പ്രയോഗത്തിൽ ഈ സേനകളെ അവർക്ക് തങ്ങളോട് വിയോജിപ്പുള്ള സ്വന്തം അംഗങ്ങളെ തന്നെ അടിച്ചമർത്തുവാൻ ഉപയോഗിക്കാൻ കഴിയുന്നു. ഏകാധിപത്യ ഭരണകൂടങ്ങളിലും പട്ടാള ഭരണത്തിലുമാണ് ഇത് കൂടുതൽ വ്യക്തമാകുന്നത്. ഇന്ന് പട്ടാളം ഭരിച്ച് കൊണ്ടിരിക്കുന്ന മ്യാൻമാറിനെ പോലുള്ള ഒരു രാജ്യം ഇതിന് ഉദാഹരണമാണ്. രാഷ്ട്രത്തിന്റെ ജനാധിപത്യവൽക്കരണത്തിലൂടെ അതിനെ കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുകയും ഫലപ്രദമായ ഒരു പൗരാവകാശ വ്യവസ്ഥയിലൂടെ അതിനെ നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ ഒരു പരിഹാരം കണ്ടെത്താവുന്നതാണ്. ദക്ഷിണാഫ്രിക്കയിൽ വർണവിവേചന ഭരണത്തിന് ശേഷം സ്വീകരിച്ച ഈ മാർഗം സമീപകാലത്തെ രാഷ്ട്രീയ വിജയഗാഥകളിൽ ഒന്നായിരുന്നു. ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കുമുള്ള പോരാട്ടങ്ങൾ അപ്രകാരം സമാധാനം സംരക്ഷിക്കുന്നതുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.

## 9.5 സമാധാന സ്ഥാപനത്തിനുള്ള വ്യത്യസ്ത സമീപനങ്ങൾ (DIFFERENT APPROACHES TO THE PURSUIT OF PEACE)

സമാധാനം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനുമായി വ്യത്യസ്ത തന്ത്രങ്ങൾ അവലംബിക്കപ്പെടുന്നു. മൂന്ന് വ്യത്യസ്ത സമീപനങ്ങളിലൂടെയാണ് ഇവ രൂപപ്പെടുന്നത്. ഇതിൽ ആദ്യത്തെ സമീപനം രാഷ്ട്രങ്ങൾക്ക് മുഖ്യ സ്ഥാനം നൽകുന്നതോടൊപ്പം അവയുടെ പരമാധികാരത്തെ ബഹുമാനിക്കുന്നു. അവക്കിടയിലെ പരസ്പര മത്സരത്തെ ഇത് ഒരു ജീവിത യാഥാർത്ഥ്യമായി ഉൾകൊള്ളുന്നു. ഈ മത്സരത്തെ ശരിയായ രീതിയിൽ ക്രമീകരിക്കുകയും രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷ സാധ്യതകളെ 'ശക്തിസംതുലനം' പോലെയുള്ള അന്താരാഷ്ട്ര മാർഗങ്ങളിലൂടെ തടയുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രഥമ പരിഗണന. 19-ാം നൂറ്റാണ്ടിൽ അത്തരത്തിലുള്ള ഒരു സംതുലിതാവസ്ഥ വിജയകരമായി ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. ഈ സമയത്ത് പ്രധാനപ്പെട്ട യൂറോപ്യൻ ശക്തികൾ തങ്ങളുടെ അധികാര പോരാട്ടത്തിന് സഖ്യങ്ങൾ രൂപീകരിച്ച് കൊണ്ട് ശത്രു രാജ്യങ്ങളെ ഭയപ്പെടുത്തി നിർത്തുകയും അതിലൂടെ വൻതോതിലുള്ള യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനെ തടഞ്ഞ് നിർത്തുകയും ചെയ്തു.

രണ്ടാമത്തെ സമീപനം രാഷ്ട്രങ്ങൾ തമ്മിൽ ആഴത്തിൽ വേരൂന്നപ്പെട്ട ശത്രുതാപരമായ സ്വഭാവത്തെ അനുകൂലിക്കുന്നു. എന്നാൽ

ഇത് രാഷ്ട്രങ്ങളുടെ പുരോഗമനപരമായ നിലനിൽപ്പിനും അതുപോലെ പരസ്പര ആശ്രയത്തിനുമുള്ള സാധ്യതകൾക്കും ഊന്നൽ നൽകുന്നു. ഇത് രാഷ്ട്രങ്ങൾക്കിടയിൽ വളർന്ന് വരുന്ന സാമൂഹികവും സാമ്പത്തികവുമായ സഹകരണത്തിന് ഊന്നൽ നൽകുകയും സമാധാനത്തിന്റെ ഔന്നത്യത്തിലേക്ക് ലോകത്തെ നയിക്കുകയും ചെയ്യുന്നു. ഈ സമീപനത്തിന്റെ വക്താക്കൾ പലപ്പോഴായി സൂചിപ്പിക്കുന്ന ഉദാഹരണമാണ് രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം യൂറോപ്പ് നേടിയെടുത്ത സുസ്ഥിര സമാധാനം സാമ്പത്തിക സംയോജനത്തിലൂടെ നേടിയെടുത്ത രാഷ്ട്രീയ ഏകീകരണത്തിലൂടെയാണ് എന്നത്.

മനുഷ്യ ചരിത്രത്തിലൂടെ കടന്ന് പോകുന്ന ഒരു പ്രത്യേക ഘട്ടമായാണ് രാഷ്ട്ര സംവിധാനത്തെ മൂന്നാമത്തെ സമീപനം പരിഗണിക്കുന്നത്. ഇത് രാഷ്ട്രീയാതീതമായ ഒരു ലോക ക്രമത്തിന്റെ ഉത്ഭവത്തെ വിഭാവനം ചെയ്യുകയും അതോടൊപ്പം അന്തർദേശീയ സമാധാനം ഉറപ്പ് നൽകുന്ന വിധത്തിൽ ഒരു അന്തർദേശീയസമൂഹത്തെ വളർത്തിയെടുക്കുന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാട് മുന്നോട്ട് വെയ്ക്കുകയും ചെയ്യുന്നു. രാഷ്ട്രത്തിന്റെ അതിർത്തികൾ കടന്നുള്ള ആശയ വിനിമയത്തിലും കൂട്ടായ്മയിലും അത്തരമൊരു സമൂഹത്തിന്റെ വിത്തുകൾ കാണാം. ഇതിൽ വ്യത്യസ്ത

## സമാധാനവാദം (Pacifism)

തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ യുദ്ധത്തിനെയോ അല്ലെങ്കിൽ ഹിംസയെയോ എതിർക്കുന്നതാണ് സമാധാനവാദം. ഹിംസയെ ഏത് സാഹചര്യത്തിലും ഉപയോഗിക്കുന്നതിനെ പൂർണമായും എതിർക്കുന്നതോടൊപ്പം നയതന്ത്ര മാർഗങ്ങൾക്ക് മുൻഗണന കൊടുത്തു കൊണ്ടുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളുടെ ഒരു വർണ രാജി തന്നെ ഇത് കൊണ്ട് വരുന്നു. സമാധാനവാദം തത്വങ്ങളേയോ അല്ലെങ്കിൽ പ്രായോഗിക വാദത്തിന്റെയോ അടിസ്ഥാനത്തിലുള്ളതാണ്. യുദ്ധം, ബോധപൂർവമായ മാരക ബലപ്രയോഗം, ഹിംസ അല്ലെങ്കിൽ ഏത് തരത്തിലുള്ള ബലപ്രയോഗവും ധാർമികമായി തെറ്റാണെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് തത്വാധിഷ്ഠിത സമാധാന വാദം രൂപപ്പെട്ടത്. പ്രായോഗിക സമാധാന വാദം അത്തരത്തിലുള്ള പൂർണമായ ഒരു തത്വത്തെ അനുവദിക്കുന്നില്ല. പക്ഷെ യുദ്ധത്തെക്കാളും നല്ല മാർഗങ്ങൾ അവർ മനസിലാക്കുകയും അല്ലെങ്കിൽ യുദ്ധത്തിന് ഗുണത്തേക്കാളേറെ ദോഷങ്ങളാണെന്ന് അവർ വിചിന്തനം ചെയ്യുകയും ചെയ്യുന്നു. ഡോവ് അല്ലെങ്കിൽ ഡോവിഷ് എന്നീ അനൗപചാരിക പദങ്ങളാണ് യുദ്ധത്തെ ഒഴിവാക്കാനാഗ്രഹിക്കുന്ന ജനങ്ങളെ (സമാധാനപ്രിയരെ) സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. സമാധാനകാംക്ഷികൾ എന്ന് വിളിക്കപ്പെടുന്ന ചില ആളുകൾ അവരുടെ സമാധാന വാദികൾ എന്ന സ്ഥാനം ചിലപ്പോൾ കാണാതിരിക്കുകയും ചില സാഹചര്യങ്ങളിൽ യുദ്ധത്തെ നീതികരിക്കുകയും ചെയ്യുന്നു. സമാധാനവിരോധി ഒരു കഴുകനോ അല്ലെങ്കിൽ യുദ്ധക്കൊതിയനോ ആണ്. ചില സമാധാന വാദികൾ യുദ്ധത്തെ എതിർക്കുന്നുവെങ്കിലും അവർ എല്ലാ തരത്തിലുള്ള ബലപ്രയോഗത്തെയും അതേപോലെ തന്നെ സ്വത്ത് നശീകരണത്തെയോ എതിർക്കണമെന്നില്ല. ഉദാഹരണത്തിന് പട്ടാള വിരോധികൾ ഹിംസയെ എതിർക്കുന്നതിനേക്കാൾ ആധുനിക ദേശരാഷ്ട്രങ്ങളുടെ സൈനിക സ്ഥാപനങ്ങളെ എതിർക്കുന്നു. അക്രമ രഹിതമാർഗങ്ങളാണ് സ്വീകാര്യമായതെന്ന വിശ്വാസത്തിൽ മറ്റ് സമാധാന കാംക്ഷികൾ അഹിംസ തത്വങ്ങളെ പിൻതുടരുന്നു. (വിക്കീപീഡിയായിൽ നിന്നും എടുത്തത്)

ങ്ങളായ ഗവൺമെന്റിതര സംഘടനകൾ ബഹുരാഷ്ട്ര കോർപറേഷനുകൾ, ജനകീയ പ്രസ്ഥാനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ പ്രക്രിയ രാഷ്ട്രങ്ങളുടെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന പരമാധികാരവും പ്രാധാന്യവും വീണ്ടും കുറയ്ക്കുമെന്നും അതുവഴി ലോക സമാധാനം സ്ഥാപിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഈ സമീപനത്തിന്റെ വക്താക്കൾ വാദിക്കുന്നു.

ഐക്യരാഷ്ട്ര സഭ ഈ മൂന്ന് സമീപനങ്ങളുടെയും ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് പറയാം. ഇത് അന്തർദേശീയ രംഗത്ത്, മുഖ്യമായ അധികാരശ്രേണി പ്രതിഫലിപ്പിക്കുന്ന തരത്തിൽ അഞ്ച് പ്രമുഖ രാഷ്ട്രങ്ങൾക്ക് യു.എൻ. സുരക്ഷാ സമിതിയിൽ സ്ഥിരാംഗത്വവും അതുപോലെ വീറ്റോ അധികാരവും നൽകിയിരിക്കുന്നു. യു.എൻ.ഒ.യുടെ സാമ്പത്തിക സാമൂഹിക സമിതി (The Economic and Social Council) വിവിധ മേഖലകളിൽ അന്തർദേശീയ സഹകരണം പ്രോത്സാഹിപ്പിക്കുന്നു. ലോക മനുഷ്യാവകാശ കമ്മീഷൻ രാഷ്ട്രാന്തരതലത്തിൽ നിയമങ്ങൾ രൂപപ്പെടുത്തുവാനും പ്രയോഗത്തിൽ വരുത്താനും ശ്രമിക്കുന്നു.

## 9.6 സമകാലിക വെല്ലുവിളികൾ (CONTEMPORARY CHALLENGES)

ഐക്യരാഷ്ട്രസഭ ഒരുപാട് ശ്രദ്ധേയമായ നേട്ടങ്ങൾ നേടിയിട്ടുണ്ടെങ്കിലും അന്തർദേശീയ സമാധാനത്തിനെതിരെയുള്ള ഭീക്ഷണികളെ തടഞ്ഞ് നിർത്തുന്നതിൽ പൂർണമായി വിജയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുപകരം പ്രബല രാഷ്ട്രങ്ങൾ അവരുടെ പരമാധികാരത്തെ ഉറപ്പിക്കുകയും അന്തർദേശീയ സംവിധാനത്തെ മാറ്റി നിർത്തി സ്വന്തം അവബോധത്തിനും മുൻഗണനകൾക്കുമനുസരിച്ച് പ്രാദേശിക അധികാര ഘടകങ്ങളെ രൂപപ്പെടുത്താനും ശ്രമിച്ചു. ഈ ലക്ഷ്യത്തിലേക്കായി വിദേശ ഭൂപ്രദേശങ്ങൾക്ക് എതിരെയും അവയെ കൈവശപ്പെടുത്തുവാനും, പ്രത്യക്ഷ സൈനിക നടപടി തെരഞ്ഞെടുക്കുകപോലുമുണ്ടായി. അഫ്ഗാനിസ്ഥാനിലും ഇറാക്കിലും കഴിഞ്ഞകാലത്തുണ്ടായ അമേരിക്കൻ ഇടപെടൽ അത്തരത്തിലുള്ള പെരുമാറ്റത്തിന്റെ പ്രകടമായ ഉദാഹരണമാണ്. അതിനെത്തുടർന്നുണ്ടായ യുദ്ധത്തിൽ നിരവധി പേർക്ക് ജീവഹാനിയുണ്ടായി.

അക്രമോത്സുകങ്ങളായ രാഷ്ട്രങ്ങളുടെ അമിതാവേശത്തിന്റെയും സ്വന്തം താൽപര്യ സംരക്ഷണത്തിന്റെയും ഭാഗികമായ പ്രതികരണമെന്ന നിലയ്ക്കാണ് ഭീകരവാദത്തിന്റെ ഉയർച്ചയുണ്ടാകുന്നത്. ആധുനിക ആയുധങ്ങളുടെയും വികസിച്ച സാങ്കേതിക വിദ്യയുടെയും മൃഗീയമായ ഉപയോഗത്തിലൂടെ ഭീകരവാദികൾ ഇന്ന് അന്തർദേശീയ സമാധാനത്തിന് ഒരു ഭീഷണി ഉയർത്തുന്നു. 2001 സെപ്റ്റംബർ 9ന് ഇസ്ലാമിക തീവ്രവാദികൾ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർത്തത് പൈശാചികമായ ഈ യാഥാർഥ്യത്തിന്റെ ശ്രദ്ധേയമായ വെളിപ്പെടുത്തലായിരുന്നു. വൻനാശത്തിന് കാരണമായേക്കാവുന്ന ജൈവ, രാസ, ആണവ ആയുധങ്ങൾ ഈ ശക്തി

കൾ ഉപയോഗിച്ചേക്കാം എന്നത് ലോകത്തെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്നു.

ലോകത്തെ വൻശക്തികളുടെ ദുർമോഹങ്ങളും അതുപോലെ ഭീകരവാദികളുടെ ഗറില്ലായുദ്ധ തന്ത്രങ്ങളും ഇല്ലായ്മ ചെയ്യുന്നതിൽ അന്തർദേശീയ സമൂഹത്തിന് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വർഗത്തെ അല്ലെങ്കിൽ വിഭാഗത്തെ ബോധപൂർവം ഒന്നടങ്കം കൊന്നൊടുക്കുന്നതായ വംശഹത്യയെ (genocide) മൂകസാക്ഷിയായി നോക്കി നിൽക്കാനേ യു.എൻ.ഒ.യ്ക്ക് പലപ്പോഴും കഴിഞ്ഞിട്ടുള്ളു. 1994-ൽ ആഫ്രിക്കൻ രാജ്യമായ റുവാണ്ടയിൽ അഞ്ച് ലക്ഷത്തോളം വരുന്ന ടുട്സി (Tutsis) വംശജരെ അവിടത്തെ ഹുടു (Hutus) വംശജർ കൊന്നൊടുക്കിയപ്പോൾ ഉണ്ടായ സംഭവഗതികൾ ഇതിന് ഉദാഹരണമാണ്. കൂട്ടക്കൊല ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇന്റലിജൻസ് റിപ്പോർട്ട് ലഭിക്കുകയും സംഭവത്തിന് ശേഷം അന്തർദേശീയ മാധ്യമങ്ങൾ അതിനെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ പുറത്ത് വിടുകയും ചെയ്തിട്ടുപോലും യാതൊരുവിധ അന്താരാഷ്ട്ര ഇടപെലും ഉണ്ടായില്ല. കൂട്ടക്കൊലക്ക് അറുതിവരുത്താൻ ഒരു സമാധാനപരിപാലന സേനയെ അയക്കാൻ പോലും ഐക്യരാഷ്ടസഭ തയാറായില്ല.

**നമുക്ക് പ്രാവർത്തികമാക്കാം**

ചിഹ്നം ഉൾപ്പെടുന്ന ഒരു സമാധാന സമ്മാനം രൂപകല്പന ചെയ്യുക. സമാധാനത്തെ ശരിയായി പ്രതിഫലിപ്പിക്കുന്ന ഏത് ചിഹ്നമായിരിക്കും നിങ്ങൾ നൽകുന്നത്? ഏതാണ്? ആർക്കാണ് നിങ്ങൾ ഈ അവാർഡ് കൊടുക്കാൻ ആഗ്രഹിക്കുന്നത്? എന്തുകൊണ്ട്?

ഈ കാരണങ്ങൾക്കൊണ്ടെല്ലാം സമാധാനമെന്നത് ഒരു നഷ്ട സ്വപ്നമാണെന്ന് പറയാൻ കഴിയില്ല. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ജപ്പാനും, കോസ്റ്ററിക്കയും പോലെയുള്ള രാജ്യങ്ങൾ സൈന്യത്തെ നിലനിർത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളും അണുവായുധ വിമുക്ത മേഖലയായി രൂപംകൊള്ളുന്നതിന് നാം സാക്ഷ്യം വഹിച്ചു. അന്തർദേശീയമായി അംഗീകരിക്കപ്പെട്ട കരാറുകളുടെ അടിസ്ഥാനത്തിൽ അത്തരം പ്രദേശങ്ങളിൽ അണുവായുധങ്ങൾ ഉപയോഗിക്കുന്നതും വികസിപ്പിക്കുന്നതും അല്ലെങ്കിൽ വിന്യസിക്കുന്നതും നിരോധിക്കപ്പെട്ടു. അന്റാർട്ടിക് പ്രദേശം, തെക്ക് കിഴക്കൻ ഏഷ്യ, ലാറ്റിൻ അമേരിക്കയും കരീബിയൻ പ്രദേശങ്ങളും സൗത്ത് പെസഫിക്, മംഗോളിയ എന്നീ ആറ് മേഖലകൾ ഇത്തരം ലക്ഷ്യം നേടുകയോ അല്ലെങ്കിൽ അത്തരം ലക്ഷ്യ പ്രാപ്തിക്കായുള്ള പ്രവർത്തനം നടത്തുകയോ ചെയ്യുന്ന മേഖലകളാണ്. 1991-ലെ യു.എസ്. എസ്.ആറിന്റെ ശിഥിലീകരണം ലോകത്ത് പ്രബല ശക്തികൾക്കിടയിലുള്ള സൈനികമായ (പ്രത്യേകിച്ചും

**നമുക്ക് ചർച്ച ചെയ്യാം**

ഇന്ന് ലോകത്ത് ആണവായുധങ്ങളുടെ സാന്നിധ്യം യുദ്ധം തടഞ്ഞ് നിർത്തുന്നതിന് സഹായകമാകുന്നു.

അണുവായുധ) ശത്രുതയുടെ കാലഘട്ടത്തിന് വിരാമമിട്ടു. ഇതോടെ അന്തർ ദേശീയ സുരക്ഷിതത്വത്തി നുള്ള ഒരു പ്രധാന ഭീഷണി ഇല്ലാതാകുകയും ചെയ്തു.

കൂടാതെ, സമാധാനത്തെ പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അനേകം ജനകീയ സംരംഭങ്ങളുടെ ഉയർച്ചയ്ക്ക് ഈ സമകാലീന യുഗം സാക്ഷ്യം വഹിച്ചു. ഇവ പൊതുവെ സമാധാനപ്രസ്ഥാനങ്ങൾ എന്ന് വിളിക്കപ്പെടുന്നു. ഒന്നാം ലോക മഹായുദ്ധത്തിന്റെ ഫലമായുണ്ടായ അതീവ നാശങ്ങളാണ് ഈ പ്രസ്ഥാനത്തെ തട്ടിയുണർത്തി കർമോത്സുകമാക്കിയത്. അന്നുമുതൽ ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഗതിവേഗം കൈവരിക്കുകയും ഭൂമി ശാസ്ത്ര, രാഷ്ട്രീയ മേഖലകൾക്കതീതമായി ഇതിന് പിന്തുണ ലഭിക്കുകയും ചെയ്തു. തൊഴിലാളികൾ, എഴുത്തുകാർ, ശാസ്ത്രജ്ഞർ, അധ്യാപകർ, മാധ്യമപ്രവർത്തകർ, പുരോഹിതർ, രാഷ്ട്രതന്ത്രജ്ഞർ എന്നീ ജീവിതത്തിന്റെ നാനാതുറകളിൽപെട്ട ജനങ്ങൾ ഇത്തരം പ്രസ്ഥാനത്തെ മുന്നോട്ടുനയിച്ചു. സ്ത്രീശാക്തീകരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന മറ്റു പ്രസ്ഥാനങ്ങളുമായി ഒത്തു ചേർന്ന് കൊണ്ട് ഈ പ്രസ്ഥാനം അതിന്റെ പ്രവർത്തന മേഖല വികസിപ്പിക്കുകയും ചെയ്തു. ഈ പ്രസ്ഥാനം സമാധാന പഠനങ്ങൾ (Peace Studies) എന്ന് വിളിക്കപ്പെട്ട വിജ്ഞാന ശാഖയ്ക്ക് തുടക്കം കുറിക്കുകയും ഇന്റർനെറ്റ് പോലെയുള്ള ആശയ വിനിമയ മാർഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തു.

ഈ അധ്യായത്തിൽ സമാധാനത്തിന്റെ അർത്ഥം, അത് നേരിടുന്ന ഭൗതികവും പ്രായോഗികവുമായ വെല്ലുവിളികൾ അതിന്റെ ഭാവി എന്നിങ്ങനെ സമാധാനത്തിന്റെ വിവിധ തലങ്ങൾ നാം പരിശോധിച്ചു. മാനവ നന്മയ്ക്ക് അനുയോജ്യമായ സൗഹാർദപരമായ സാമൂഹിക ബന്ധങ്ങൾ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് തുടർച്ചയായ പരിശ്രമങ്ങൾ നടത്തുക എന്നതാണ് സമാധാനം സംസ്ഥാപിക്കുന്നതിനുള്ള പ്രധാനമാർഗമെന്നും നാം കണ്ടു കഴിഞ്ഞു. സമാധാനത്തിലേയ്ക്കുള്ള പാതയിൽ അനീതി മുതൽ സാമ്രാജ്യത്വം വരെയുള്ള അനേകം തടസ്സങ്ങൾ നിലനിന്നേക്കാം. അക്രമത്തിലൂടെ അവയെ നീക്കം ചെയ്യാനുള്ള പ്രലോഭനം അധാർമികവും അപകടകരവുമാണ്. വംശഹത്യയുടെയും അതേപോലെ ഭീകരവാദത്തിന്റെയും പരസ്പരം പൗരന്മാരെന്നോ, പോരാളികളെന്നോ മനസിലാകാത്തക്കവിധത്തിൽ സമ്പൂർണ യുദ്ധത്തിന്റെതായ കാലഘട്ടത്തിൽ സമാധാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയനടപടികൾ ലക്ഷ്യവും മാർഗവും സാധൂകരിക്കുന്ന വിധത്തിൽ ആയിരിക്കണം.

# അഭ്യാസം

1. സമാധാനപരമായ ഒരു ലോകത്തിലേയ്ക്കുള്ള മാറ്റത്തിന് മനുഷ്യ മനസ്സുകളുടെ ചിന്താവഴിയിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? മനുഷ്യ മനസുകൾക്ക് സമാധാനത്തെ കൊണ്ടുവരാൻ കഴിയുമോ? മാത്രമല്ല സമാധാനം കൊണ്ടുവരാൻ മനുഷ്യ മനസ്സുകളെ മാത്രം കേന്ദ്രീകരിച്ചാൽ മതിയോ?

2. രാഷ്ട്രം (State) തീർച്ചയായും അവരുടെ പൗരന്മാരുടെ ജീവനും അവകാശങ്ങൾക്കും സംരക്ഷണം നൽകണം. എന്നാൽ രാഷ്ട്രത്തിന്റെ ചില പ്രവർത്തനങ്ങൾ അതിന്റെ തന്നെ പൗരന്മാർക്കെതിരെയുള്ള ഹിംസയുടെ ഉറവിടങ്ങളാകുന്നു. ഉദാഹരണ സഹിതം വ്യക്തമാകുക.

3. സ്വാതന്ത്ര്യം, സമത്വം, നീതി എന്നിവ നില നിൽക്കുന്നിടത്തു മാത്രമേ സമാധാനം നല്ല രീതിയിൽ യഥാർത്ഥ്യവൽക്കരിക്കാൻ കഴിയൂ. ഇതിനോട് നിങ്ങൾ യോജിക്കുന്നുവോ?

4. ഹിംസയെ ഉപയോഗിക്കുന്നതിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ നീതിയുക്തമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുകയില്ല. ഈ പ്രസ്താവനയെ സംബന്ധിച്ച് നിങ്ങൾ എന്ത് ചിന്തിക്കുന്നു?

5. ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ വേണ്ടി ഈ അധ്യായത്തിൽ ചർച്ച ചെയ്യപ്പെട്ട പ്രധാന സമീപനങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.

അഭ്യാസം



*Credit: Image on opening page: Shweta Rao*